# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആര്യാട് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ .എസ്.എ/എ.എൽ.പി.ബി.പി/430/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 19/05/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആര്യാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നമ്പർ: കെ .എസ്.എ/എ.എൽ.പി.ബി.പി/430/2022. തീയ്യതി: 19/05/2022

## ആലപ്പുഴ ജില്ലയിലെ ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 30-07-2019 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഹരികുമാർ.ജി. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 04-04-2022 | 19-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-04-2022 | 19-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ജ്യോതിമോൻ.സി.സി, ഓഡിറ്റ് ഓഫീസർ
ശ്രീമതി.ശ്രീദേവി.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.പ്രീത, ഓഡിറ്റർ
ശ്രീമതി.ടീനു ടോം, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഡ്വ. ഷീന സനൽകുമാർ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. രജിത്.ആർ | സെക്രട്ടറി | 01-04-2019 | 16-10-2019 |
| | | 06-11-2019 | 27-01-2020 |
| | | 24-02-2020 | 31-03-2020 |
| ശ്രീമതി. രമ.എം..പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-10-2019 | 05-11-2019 |
| | | 28-01-2020 | 23-02-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അശോകൻ.ടി.എം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി.സിനി.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 05-12-2019 |
| ശ്രീമതി.റെനി സെബാസ്റ്റ്യൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 06-12-2019 | 31-03-2020 |
| ശ്രീ. രാജേഷ് വി | പട്ടികജാതി വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. ശ്രീദേവി എസ് | മെഡിക്കൽ ഓഫീസർ സി.എച്ച്.സി മുഹമ്മ | 01-04-2019 | 05-06-2019 |
| ഡോ.ജയന്തി.സി | മെഡിക്കൽ ഓഫീസർ സി.എച്ച്.സി മുഹമ്മ | 06-06-2019 | 31-03-2020 |
| ശ്രീമതി.ഉഷ സേവ്യർ | സി.ഡി.പി.ഓ | 01-04-2019 | 31-03-2020 |
| ഡോ.കാർത്തിക.എം | മെഡിക്കൽ ഓഫീസർ ,ആർ..എച്ച്.ടി.സി ചെട്ടികാട് | 01-04-2019 | 30-04-2019 |
| ഡോ.രേഖ റേച്ചൽ ഫിലിപ്പ് | മെഡിക്കൽ ഓഫീസർ ,ആർ..എച്ച്.ടി.സി ചെട്ടികാട് | 01-05-2019 | 31-03-2020 |
| ശ്രീമതി. രാജി.കെ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2019 | 31-07-2019 |
| ശ്രീമതി. സബിത വി.എച്ച് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-08-2019 | 26-08-2019 |
| ശ്രീമതി. സുസ്മിത.എൽ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 27-08-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി.സഫീന കെ.എസ് | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി. സിബിമോൾ ടി.എസ് | വ്യവസായ വികസന ഓഫീസർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം

| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: C.C Jyothimon (Audit Officer, On 15-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 19-05-2022) | 1-1 |
| 2 | ബജറ്റ് അവലോകനം<br>Written By: C.C Jyothimon (Audit Officer, On 19-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 12-05-2022) | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: Sreedevi.R (Senior Grade Auditor, On 12-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 12-05-2022) | 1-2 |
| 4 | വാർഷിക ധനകാര്യ പത്രികയിലെ ന്യൂനതകൾ<br>Written By: Sreedevi.R (Senior Grade Auditor, On 19-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 19-05-2022) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Sreedevi.R (Senior Grade Auditor, On 12-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 12-05-2022) | 1-3 |
| 6 | ഗ്രാന്റ് വിനിയോഗം (എ.സി.ആർ പ്രകാരം)<br>Written By: Sreedevi.R (Senior Grade Auditor, On 12-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 12-05-2022) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: Sreedevi.R (Senior Grade Auditor, On 12-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 19-05-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sreedevi.R (Senior Grade Auditor, On 17-04-2022)<br>Last Updated By: C.C Jyothimon (Audit Officer, On 19-04-2022) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Sreedevi.R (Senior Grade Auditor, On 17-04-2022)<br>Last Updated By: C.C Jyothimon (Audit Officer, On 19-04-2022) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: Teenu Tom (Auditor, On 17-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 19-05-2022) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: C.C Jyothimon (Audit Officer, On 19-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 19-05-2022) | 1-9 |
| 12 | സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല<br>Written By: Teenu Tom (Auditor, On 19-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 19-05-2022) | 1-10 |
| 13 | രസീത് ക്യാൻസലേഷൻ - അപാകതകൾ<br>Written By: Teenu Tom (Auditor, On 19-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 19-05-2022) | 1-11 |
| 14 | ഡെപ്പോസിറ്റുകൾ- വിശദാംശം ലഭ്യമല്ല<br>Written By: Sreedevi.R (Senior Grade Auditor, On 19-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 19-05-2022) | 1-12 |
| 15 | സംയുക്തപ്രോജക്ടുകൾക്കായി ലഭിച്ച തുക നിഷ്ക്രിയ നിക്ഷേപമായി തുടരുന്നു<br>Written By: Sreedevi.R (Senior Grade Auditor, On 19-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 19-05-2022) | 1-13 |
| 16 | പരസ്യ ചാർജ് ഇനത്തിൽ അർഹമായ ഡിസ്‌ക്കൗണ്ട് ലഭ്യമാക്കിയില്ല<br>Written By: Sreedevi.R (Senior Grade Auditor, On 19-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 19-05-2022) | 1-14 |
| 17 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - 42994/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-15 |

| | | |
|---|---|---|
| | Written By: Sreedevi.R (Senior Grade Auditor, On 18-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 19-05-2022) | |
| 18 | ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി<br>Written By: Preetha (Auditor, On 19-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 19-05-2022) | 1-16 |
| 19 | എസ്.ടി.വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-അർഹതാരേഖ ഹാജരാക്കിയില്ല<br>Written By: Sreedevi.R (Senior Grade Auditor, On 18-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 19-05-2022) | 1-17 |
| 20 | ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേയ്ക്ക് ആനുകൂല്യം ക്രഡിറ്റ് ചെയ്യപ്പെട്ടില്ല<br>Written By: Sreedevi.R (Senior Grade Auditor, On 18-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 19-05-2022) | 1-18 |
| 21 | കാലിവീപ്പയുടെ വില ഈടാക്കിയതിൽ കുറവ്<br>Written By: C.C Jyothimon (Audit Officer, On 19-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 19-05-2022) | 1-19 |
| 22 | എർത്ത് വർക്ക് എക്സ്കവേഷന് അധിക നിരക്ക് നൽകി<br>Written By: C.C Jyothimon (Audit Officer, On 19-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 19-05-2022) | 1-20 |
| 23 | കാലിവീപ്പയുടെ ജി.എസ്.ടി കുറവ് ചെയ്ത് ട്രഷറിയിൽ നിന്നും തുക പിൻവലിച്ചതിനാൽ നഷ്ടം<br>Written By: C.C Jyothimon (Audit Officer, On 19-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 19-05-2022) | 1-21 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | പരസ്യ ചാർജ് ഇനത്തിൽ അർഹമായ ഡിസ്കൌണ്ട് ലഭ്യമാക്കിയില്ല<br>Written By: C.C Jyothimon (Audit Officer, On 19-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 19-05-2022) | 3-1 |
| 2 | കാലിവീപ്പയുടെ വില ഈടാക്കിയതിൽ കുറവ്<br>Written By: C.C Jyothimon (Audit Officer, On 19-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 19-05-2022) | 3-2 |
| 3 | കാലിവീപ്പയുടെ ജി.എസ്.ടി കുറവ് ചെയ്ത് ട്രഷറിയിൽ നിന്നും തുക പിൻവലിച്ചതിനാൽ നഷ്ടം<br>Written By: C.C Jyothimon (Audit Officer, On 19-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 19-05-2022) | 3-3 |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sreedevi.R (Senior Grade Auditor, On 14-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 12-05-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sreedevi.R (Senior Grade Auditor, On 14-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 12-05-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sreedevi.R (Senior Grade Auditor, On 14-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 14-04-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Sreedevi.R (Senior Grade Auditor, On 14-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 12-05-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Sreedevi.R (Senior Grade Auditor, On 14-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 14-04-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sreedevi.R (Senior Grade Auditor, On 14-04-2022) | 4-6 |

| | | |
|---|---|---|
| | Last Updated By: Sreedevi.R (Senior Grade Auditor, On 14-04-2022) | |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Sreedevi.R (Senior Grade Auditor, On 14-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 12-05-2022) | 4-7 |
| 8 | ചാർജ് / സർചാർജ് നടപടികളുടെ വിവരം<br>Written By: Sreedevi.R (Senior Grade Auditor, On 14-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 12-05-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sreedevi.R (Senior Grade Auditor, On 14-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 12-05-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Sreedevi.R (Senior Grade Auditor, On 14-04-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 19-05-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 12.02.2019 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 16.3.2020ലെ 1/1-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട്.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 6,59,63,256 | 6,73,34,666 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെൻറ്റീച്ചർ പത്രിക) | 4,93,76,716 | 7,37,58,687 |

## 1-1-1 ബജറ്റ് അവലോകനം

2019-20 വർഷത്തെ ബജറ്റ് 12.02.2019 ൽ പാസാക്കിയിട്ടുണ്ട്. 16.3.2020ലെ 1/1-ാം നമ്പർ തീരുമാന പ്രകാരം ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട്. ബജറ്റ് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 02.12.2016 ലെ ജി.ഒ.(ആർ.ടി.)3291/2016 നമ്പരായി പ്രസിദ്ധീകരിച്ച ബജറ്റ് മാന്വലിലെ ഖണ്ഡിക 3.1.4, 3.1.5 എന്നിവ പ്രകാരം തയ്യാറാക്കേണ്ട പെർഫോമൻസ് ബജറ്റ്, ജെന്റർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല.

2. ബജറ്റിന്റെ അവലോകനം നടത്തുന്നില്ല.

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യുമെന്റ് എന്നിവയും ബഡ്ജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയതായി രേഖപ്പെടുത്തലില്ല. കൂടാതെ, വർഷാവസാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബജറ്റിന്റെ വാർഷിക അവലോകനവും (ഖണ്ഡിക 4.5) നടത്തിയതായി രേഖപ്പെടുത്തലില്ല.

3.ബജറ്റിന്റെ പരിശോധന

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.6 പ്രകാരം ഒരു സാമ്പത്തിക വർഷത്തെ ബജറ്റ് ആ സാമ്പത്തിക വർഷം ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തേണ്ടതാണ്. 2019-20 ലെ ബജറ്റ് 2019ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തിയതായി കാണുന്നില്ല.

4.ബജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ ചെലവ്

| ക്രമ നമ്പർ | ഹെഡ് | ഹെഡിന്റെ വിവരണം | ബജറ്റ് പ്രകാരമുള്ള വകയിരുത്തൽ | പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള വകയിരുത്തൽ | യഥാർഥ ചെലവ് (RP Statement പ്രകാരം) | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1. | 220400101 | ഇൻഷ്വറൻസ് ഓഫ് വെഹിക്കിൾ | 16,000 | 8190 | 17090 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 2 | 230400101 | വെഹിക്കിൾ ഹയർ ചാർജ്ജ് | 2,76,000 | 5,00,000 | 778307 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 3 | 2308001 | Other Operating & Maintanance Expense | 175000 | 473569 | 39465 | ബജറ്റിൽ വകയിരുത്തിയ ഹെഡ്ഡിൽ ചെലവ് നടത്താതെ 230800099എന്ന ഹെഡ്ഡിൽ ചെലവ് നടത്തി. |

| | | | | | | |
|---|---|---|---|---|---|---|
| 4 | 2501062 | മത്സ്യ ബന്ധനം അനുബന്ധ സൗകര്യങ്ങൾ | 2334080 | 1102000 | 00 | വകയിരുത്തലുണ്ട് ചെലവില്ല. |
| 5 | 2504002 | പ്രകൃതി സംരക്ഷണത്തിന് വേണ്ടിയുള്ള മറ്റ് ഇടപെടലുകൾ | 200000 | 100000 | 00 | വകയിരുത്തലുണ്ട് ചെലവില്ല. |
| 6 | 2511010 | കലാ സംസ്കാരം | 00 | 527174 | 604065 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 7 | 2511011 | അനൗപചാരിക വിദ്യാഭ്യാസവും തുടർ വിദ്യാഭ്യാസവും | 00 | 00 | 351350 | വകയിരുത്തലില്ല. ചെലവുണ്ട് |
| 8 | 2511014 | പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായം | 00 | 2425000 | 5008017 | ബജറ്റിൽ വകയിരുത്തിയ ഹെഡ്ഡിൽ ചെലവ് നടത്താതെ 251101303എന്ന ഹെഡ്ഡിൽ ചെലവ് നടത്തി. |

മേൽക്കാണിച്ചിട്ടുള്ള അപാകതകൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (5/13.04.2022) മറുപടി ലഭ്യമാക്കിയില്ല. നിലവിൽ ബജറ്റിന്റെ നിർവ്വഹണം പരിശോധിക്കുന്നതിന് അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ പ്രകാരം പ്രൊവിഷനില്ല. അതിനാൽ ബജറ്റ് അലോട്ട്മെന്റിൽ അധികരിച്ച് ചെയ്യുന്ന ചെലവുകൾ നിയന്ത്രിക്കുന്നതിനോ, ബജറ്റ് അലോട്ട്മെന്റ് ഇല്ലാത്ത ഇനങ്ങൾക്ക് ചെലവ് ചെയ്യുന്നത് തടയുന്നതിനോ നിലവിൽ സാധിക്കുന്നില്ല. അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറായ സാംഖ്യയുമായി ബജറ്റ് ലിങ്ക് ചെയ്തിട്ടില്ലാത്തതിനാൽ തദ്ദേശ സ്ഥാപനത്തിന്റെ ധനകാര്യ മാനേജ്മെന്റിനുള്ള ഒരു ക്രമീകരണമായിട്ട് ബജറ്റ് പ്രവർത്തിക്കുന്നതിനും നിലവിൽ സാധിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുന്ന ഹെഡ്ഡിൽ തന്നെ ചെലവുകൾ ബുക്കുചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ബജറ്റിന്റെ രൂപീകരണത്തിലും നിർവ്വഹണത്തിലും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറുമായി ബജറ്റ് ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക സമയബന്ധിതമായി 01.06.2020 ന് ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്.

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ ന്യൂനതകൾ

2019-20 ലെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

1. ബാലൻസ് ഷീറ്റ് B-15 പ്രകാരം വാടകയിനത്തിൽ 8400/-രൂപ കുടിശികയുണ്ട്. എന്നാൽ വാടക രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചില്ല.

2. അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഓഫീസേഴ്സ് എന്നപേരിൽ മുൻകൂർ നൽകിയിട്ടുള്ളതായി വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തലുണ്ടെങ്കിലും രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചില്ല.
3.ബാലൻസ് ഷീറ്റ് B-4 ഷഡ്യൂൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി ലഭ്യമായ തുകകൾ നീക്കിയിരിപ്പായി കാണിച്ചിട്ടുണ്ടെങ്കി ലും ആയത് ഏത് കാലയളവിൽ ഏതൊക്കെ പദ്ധതികൾക്കായി ലഭ്യമായതാണെന്ന് വിശദീകരിക്കപ്പെട്ടില്ല..

| ഇനം | തുക |
|---|---|
| Contributions For Joint Venture Projects (For Revenue Expenditure) - From Village Panchayats | 4534502 |
| Contributions For Other Specific Purposes (For Revenue Expenditure)- From Village Panchayats | 1813247 |
| Contributions For Other Specific Purposes (For Revenue Expenditure)- From District Panchayats | 332745 |

| | |
|---|---|
| Other Grants, Funds & Contributions For Specific Purposes - Capital | 8582469 |
| Recoveries Payable- COVID | 64231 |

4.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം Beneficiary Contribution ഇനത്തിൽ 334100/- രൂപ നിലനിൽക്കുന്നു. തുക ഏതൊക്കെ പ്രോജക്റ്റുകൾക്കുവേണ്ടി സമാഹരിച്ചതാണ്, എത്ര വീതം തുകയുണ്ട് എന്നീ വിവരങ്ങൾ അറിയിക്കേണ്ടതാണ്. പ്രോജക്റ്റ് നടപ്പാക്കാൻ കഴിയാത്തപക്ഷം ഗുണഭോക്താക്കൾക്ക് തുക തിരികെ നൽകേണ്ടതാണ്.

5. Contributions For Joint Venture Projects (For Revenue Expenditure) - From District Panchayats ഇനത്തിൽ 2528926/- രൂപ മൈനസായി നിലനിൽക്കുന്നതിന്റെ കാരണം വ്യക്തമാക്കിയില്ല.

6. B-11 ഷെഡ്യൂളിൽ കാണിച്ചിട്ടുള്ള ആസ്തി വിവരങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്റർ/രേഖകൾ ലഭ്യമാക്കിയില്ല.

7. കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ, 2011 ചട്ടം 62 ൽ വ്യവസ്ഥ ചെയ്തിട്ടുള്ള റിപ്പോർട്ടുകൾ വാർഷികകണക്കിൽ നിലവിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉദാഹരണമായി, അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക കണക്കിനൊപ്പം ഉൾക്കൊള്ളിച്ചിട്ടില്ല. ന്യൂനതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയഓഡിറ്റ് അന്വേഷണത്തിന്(നം.2/11.04.2022) മറുപടി ലഭിച്ചില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 10055810 |
| വരവ് | 49104487 |
| ആകെ | 59160297 |
| ചെലവ് | 51800004 |
| നീക്കിയിരിപ്പ് | 7360293 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 8605 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 162994 |

## 1-4 ഗ്രാന്റ് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വി.ഫണ്ട് (ജനറൽ) | | 35947000 | 35947000 | 31418417 | 4528583 |
| വി.ഫണ്ട് (എസ്.സി.പി) | | 6583000 | 6583000 | 6272081 | 310919 |
| വി.ഫണ്ട് (ടി.എസ്.പി) | | 464000 | 464000 | 400000 | 64000 |
| മെയിന്റനൻസ് ഫണ്ട് -നോൺ റോഡ് | | 4703000 | 4703000 | 3126851 | 1576149 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| 92 | 68172656 | 61 | 45182940 | 17 | 14 | 66.30 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല.

## 1-7 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.04.2022-ന് 3.15 Pm-ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1. നടപ്പിലാക്കിയ പദ്ധതികളുടെ വിജയകരമായ പൂർത്തീകരണം സംബന്ധിച്ച് വിശദമായ മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി ബന്ധപ്പെട്ട ഫയലുകളിൽ സൂക്ഷിക്കുന്നില്ല. കംപ്ലീഷൻ സർട്ടിഫിക്കറ്റും തയ്യാറാക്കി ഫയലിൽ സൂക്ഷിക്കുന്നില്ല.
2. വാഹനങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട് എഴുതി സൂക്ഷിക്കേണ്ടുന്ന റിപ്പയർ രജിസ്റ്റർ, ഫ്യൂവൽ രജിസ്റ്റർ തുടങ്ങിയവ എഴുതി സൂക്ഷിച്ചിട്ടില്ല.

3. രസീതു ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ഗ്രാമ ലക്ഷ്മി മുദ്രാലയത്തിൽ നിന്നും എത്ര രസീതു ബുക്കുകൾ വാങ്ങിയിട്ടുണ്ടെന്നോ അവ ആർക്കൊക്കെ വിതരണം ചെയ്തിട്ടുണ്ടെന്നതോ സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്തിൽ യാതൊരു രേഖകളുമില്ല.

4. ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ യഥാസമയം തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടുണ്ടോയെന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

5. മുൻകൂർ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. തന്മൂലം നാളിതുവരെ മുൻകൂർ നൽകിയിട്ടുള്ള മുൻകൂറുകൾ യഥാസമയം ക്രമീകരിക്കപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കുവാൻ സാധിക്കുന്നില്ല.

6. വാടക രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

7. വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് പ്രത്യേകം അറ്റന്റൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. കമ്മറ്റി നോട്ടീസ് ബുക്കിൽ തന്നെയാണ് അറ്റന്റൻസ് രേഖപ്പെടുത്തുന്നത്.

8. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

9. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

10. ബജറ്റ് മാനുവലിൽ പ്രതിപാദിച്ചിട്ടുള്ള വിധം ബജറ്റിന്റെ പ്രതിമാസ/വാർഷിക അവലോകനം നടത്തപ്പെടുന്നില്ല. ബജറ്റിൽ തുക വകയിരുത്തുന്ന ഹെഡ്ഡുകളിലല്ലാതെ ചെലവ് ചെയ്യുന്നു.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

കേരള ട്രഷറി കോഡിലെ ആർട്ടിക്കിൾ 90(ബി) നോട്ട് 2 പ്രകാരം രസീതു ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ രസീതു ബുക്ക് ഉപയോഗിക്കുവാൻ തുടങ്ങിയ തീയതി, ഉപയോഗം പൂർത്തീകരിച്ച തീയതി എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. മാനുവൽ രസീതിന്റെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കാനാവശ്യപ്പെട്ട് എൻക്വയറി നം. 1/19-20 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ മാനുവൽ രസീതുകളുടെ കൃത്യമായ സ്റ്റോക്ക്, വിതരണം ചെയ്ത രസീതുബുക്കുകളുടെ എണ്ണം എന്നിവയുടെ കൃത്യത പരിശോധിക്കാനായില്ല.

## 1-11 രസീത് ക്യാൻസലേഷൻ - അപാകതകൾ

2019-20 സാമ്പത്തിക വർഷം 2 രസീതുകൾ മാത്രമാണ് ക്യാൻസൽ ചെയ്തതായി ക്യാൻസൽഡ് രസീത് റിപ്പോർട്ടിൽ കാണിച്ചിരിക്കുന്നത്. എന്നാൽ 13 സാംഖ്യ രസീതുകൾ സാക്ഷ്യപ്പെടുത്തുകയോ കാരണം പോലും രേഖപ്പെടുത്തുകയോ

ചെയ്യാതെ ക്യാൻസൽ ചെയ്തിരിക്കുന്നു. രസീതുകളുടെ ക്യാൻസലേഷൻ മതിയായ അനുമതിയോടെ ആകേണ്ടതും, രസീതുകളിൽ സെക്രട്ടറിയുടെ ഒപ്പ് ഉണ്ടാകേണ്ടതുമാണ്. സാംഖ്യരസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയത് കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 ഡെപ്പോസിറ്റുകൾ- വിശദാംശം ലഭ്യമല്ല

ഡെപ്പോസിറ്റ് തുകകൾ ഇനം തിരിച്ച് ഓരോ വർഷവും എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഏതൊക്കെ ഇനത്തിൽ എത്ര തുകയാണ് ബാക്കിനിൽക്കുന്നത് എന്ന് വ്യക്തമല്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | തുക |
|---|---|---|
| 1 | Contractors' Earnest Money Deposit | 210310 |
| 2 | Suppliers' Earnest Money Deposit3 | 158595 |
| 3 | Bidders' Earnest Money Deposit | 29730 |
| 4 | Contractors' Security Deposit | 10800 |
| 5 | Suppliers' Security Deposit | 117265 |
| 6 | Bidders' Security Deposit | 9000 |
| 7 | Contractors' Retention | 66184 |
| 8 | Suppliers' Retention | 26727 |
| 9 | Other Deposits | 28000 |
| 10 | Auction Deposit | 1625 |
| | Total | 658236 |

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 56 ബി അനുസരിച്ച് മൂന്നു വർഷത്തിലേറെയായി കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനതുഫണ്ടിലേയ്ക്ക് മുതൽക്കൂട്ടണമെന്നാണ് വ്യവസ്ഥ. മേൽ സൂചിപ്പിച്ച ഓരോ ഇനത്തിന്റെയും വിവരങ്ങൾ പരിശോധിച്ച് ഇതിൽ മൂന്ന് വർഷത്തിലധികമായ തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. ഈ വിഷയത്തിൽ സത്വര നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 സംയുക്തപ്രോജക്ടുകൾക്കായി ലഭിച്ച തുക നിഷ്ക്രിയ നിക്ഷേപമായി തുടരുന്നു

സംയുക്ത പ്രോജക്ടുകൾക്കായി ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ജില്ലാപഞ്ചായത്തുകളിൽ നിന്നും ലഭിച്ച തുക വർഷങ്ങളായി ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിൽ നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | തുക |
|---|---|---|
| 1 | Contributions For Joint Venture Projects (For Revenue Expenditure) - From Village Panchayats | 4534502 |
| 2 | Contributions For Other Specific Purposes (For Revenue Expenditure)- From Village Panchayats | 1813247 |
| 3 | Contributions For Other Specific Purposes (For Revenue Expenditure)- From District Panchayats | 332745 |
| 4 | Other Grants, Funds & Contributions For Specific Purposes - Capital | 8582469 |

പ്രസ്തുത തുക ലയബിലിറ്റിയായി ഇപ്പോഴും അവശേഷിക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2/11.4.22) മറുപടി ലഭിച്ചില്ല. ഈ തുക ഏതൊക്കെ പ്രോജക്ടുകൾക്കായി ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച തുകയാണെന്നുള്ള വിവരം ലഭ്യമല്ല. പ്രോജക്ട് നടപ്പാക്കാൻ കഴിയാത്തപക്ഷം തുക ബന്ധപ്പെട്ട ഹെഡിൽ തിരിച്ചടയ്ക്കുകയോ അതാത് ഗ്രാമപഞ്ചായത്തുകൾക്ക് തിരികെ നൽകുകയോ ചെയ്യേണ്ടതാണ്.

കൂടാതെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം Beneficiary Contribution ഇനത്തിൽ 334100/-രൂപ നിലനിൽക്കുന്നു. തുക ഏതൊക്കെ പ്രോജക്ടുകൾക്കുവേണ്ടി സമാഹരിച്ചതാണ്, എത്ര വീതം തുകയുണ്ട് എന്നീ വിവരങ്ങൾ ലഭ്യമല്ല. പ്രോജക്ട് നടപ്പാക്കാൻ കഴിയാത്തപക്ഷം ഗുണഭോക്താക്കൾക്ക് തുക തിരികെ നൽകേണ്ടതാണ്. ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 പരസ്യ ചാർജ് ഇനത്തിൽ അർഹമായ ഡിസ്ക്കൌണ്ട് ലഭ്യമാക്കിയില്ല

പരസ്യ നിരക്കും മീഡിയ ലിസ്റ്റും അംഗീകരിച്ച കൊണ്ടുള്ള 08.12.2015-ലെ ജി.ഒ (പി) നം.17/2015/പി.ആർ.ഡി നമ്പർ സർക്കാർ ഉത്തരവിലെ 4-ാം ഖണ്ഡികയിൽ സർക്കാർ പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടിന് അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പിന്റെ 10.12.2020-ലെ ജി.ഒ.(പി) നം.02/2020 നമ്പർ ഉത്തരവിലെ 51-ാം ഖണ്ഡിക പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികൾ നല്കുന്ന പത്ര പരസ്യങ്ങൾക്ക് പരസ്യ ചാർജിനത്തിൽ 15% ഡിസ്കൗണ്ട് അനുവദിക്കണമെന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ 2019-20 സാമ്പത്തിക വർഷത്തെ വൌച്ചർ പരിശോധിച്ചതിൽ അർഹമായ ഡിസ്ക്കൌണ്ട് ഈടാക്കിയതായി കാണുന്നില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പത്രം | ബിൽ നം | തീയതി | റേറ്റ് | ബിൽ തുക | അർഹമായ ഡിസ്ക്കൌണ്ട് |
|---|---|---|---|---|---|---|
| 1 | കേരള കൌമുദി | BLALP00060125 | 27/09/17 | 170 | 4080 | 612 |
| 2 | | BLALP00060280 | 14/10/17 | 170 | 4080 | 612 |
| 3 | | BLALP00061186 | 09/02/18 | 170 | 4080 | 612 |
| 4 | | BLALP00061762 | 15/04/18 | 170 | 4080 | 612 |
| 5 | | BLALP00062313 | 14/06/18 | 183 | 4392 | 659 |
| 6 | | BLALP00062371 | 23/06/18 | 183 | 4392 | 659 |
| 7 | | BLALP00062527 | 08/07/18 | 182 | 4368 | 655 |
| 8 | | BLALP00062851 | 08/08/18 | 182 | 4368 | 655 |
| 9 | | BLALP00063715 | 30/11/18 | 182 | 4368 | 655 |
| 10 | | ALPSCH065626 | 18/06/19 | 225 | 5400 | 810 |
| 11 | | BLALP00066030 | 28/07/19 | 191 | 4584 | 688 |
| 12 | | BLALP00066996 | 31/10/19 | 191 | 4584 | 688 |
| 13 | | BLALP00067255 | 25/11/19 | 191 | 4584 | 688 |
| | | | | | ആകെ | 8605 |

8605/- രൂപ ഡിസ്ക്കൌണ്ട് പ്രസ്തുത ബില്ലുകൾക്കും ലഭിക്കേണ്ടതായിരുന്നു. എന്നാൽ ഡിസ്കൗണ്ട് ഇല്ലാതെയാണ് പത്രപരസ്യചാർജ്ജ് ഡിമാന്റ് ചെയ്യതും, ബ്ലോക്ക് പഞ്ചായത്ത് മേൽ ബില്ലുകൾ പ്രകാരം മുഴുവൻ തുകയും അനുവദിച്ച നൽകുകയും ചെയ്യത്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (നം. 06/16.04.2022). സ്ഥാപനത്തിൽ നിന്ന് ഡിസ്കൗണ്ട് ലഭ്യമാക്കാത്തതു മൂലം ഉണ്ടായ നഷ്ടം 8605/- രൂപ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - 42994/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം.S0021/20 ഐ.കെ.എം.പ്രവർത്തനഫണ്ട്

നിർവ്വഹണം - സെക്രട്ടറി

അടങ്കൽ -42994/- (വികസനഫണ്ട്-പൊതുവിഭാഗം)

ചെലവ്-42994/- ബിൽ നം.15/25.07.2019

പ്രസ്തുത പ്രോജക്ട് പ്രകാരം ഇൻഫർമേഷൻ കേരളാ മിഷന് 42994/- രൂപ പ്രവർത്തനഫണ്ട് കൈമാറിയിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.04/12.04.2022) മറുപടി ലഭിച്ചില്ല. രേഖ ഹാജരാക്കാത്തതിനാൽ 42994/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-16 ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി

പ്രോജക്ട് നം. S0062/20 (പരമ്പരാഗത കൈത്തൊഴിൽ (കയർ) ഗ്രൂപ്പുകൾക്ക് ധനസഹായം

അടങ്കൽ - 54,080/- വികസന ഫണ്ട്

ചെലവ് - 54,000/-

ബിൽ നം. 1/19-20, 7.06.19, 30000/-

ബിൽ നം. 7/19-20, 26.03.20, 24000/-

പരമ്പരാഗത കൈത്തൊഴിൽ (കയർ) ഗ്രൂപ്പുകൾക്ക് ധനസഹായം എന്ന പ്രോജക്ട് പ്രകാരം 2ഗ്രൂപ്പുകൾക്ക് യഥാക്രമം 30,000/-, 24,000/-വീതം ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. ബിൽ നം. 1 പ്രകാരം ആനുകൂല്യം നൽകിയ ദേവഗംഗ കയർ പിരി യൂണിറ്റ് ഗ്രാമസഭയിൽ അംഗീകരിച്ചിട്ടില്ല.

2.പ്രോജക്ട് നം. S00126/20 (കയർ ഗ്രൂപ്പുകൾക്ക് സഹായം)

അടങ്കൽ - 7,80,000/- വികസന ഫണ്ട്

ചെലവ് - 3,00,000/-

ബിൽ നം. 2/19-20, 23.06.20, 150000/-

ബിൽ നം. 3/19-20, 18.03.20, 150000/-

കയർ ഗ്രൂപ്പുകൾക്ക് സഹായം എന്ന പ്രോജക്ട് പ്രകാരം 10 ഗ്രൂപ്പുകൾക്ക് യഥാക്രമം 30,000/- വീതം ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്.

ബിൽ നം. 2 പ്രകാരം ആനുകൂല്യം നൽകിയ

1.അമ്മു കയർ പിരി യൂണിറ്റ്, കായിപ്പുറം, മുഹമ്മ

2.പള്ളിക്കുന്ന് കയർ ഗ്രൂപ്പ്, മുഹമ്മ

3.വിഘ്നേശ്വര വനിത കയർ പിരി യൂണിറ്റ്, വളവനാട്

4.ഒരുമ SHG, പൊള്ളത്തൈ എന്നീ ഗ്രൂപ്പുകളെ ഗ്രാമസഭയിൽ അംഗീകരിച്ചിട്ടില്ല.

ബിൽ നം. 3 പ്രകാരം ആനുകൂല്യം നൽകിയ

1.വിഷ്ണു കയർ പിരി യൂണിറ്റ്, കായിപ്പുറം, മുഹമ്മ

2.ഐശ്വര്യ വനിത കയർ ഉല്പാദക സംഘം, കായിപ്പുറം, മുഹമ്മ എന്നീ ഗ്രൂപ്പുകളെ ഗ്രാമസഭയിൽ അംഗീകരിച്ചിട്ടില്ല.

കൂടാതെ മേൽ പറഞ്ഞ 2 ഗ്രൂപ്പുകൾ ഹാജരാക്കിയ ബില്ലുകളിൽ തിയതി രേഖപ്പെടുത്തിയിട്ടില്ല. (Christy Enterprises, Muttathiparambu.p.o, Cherthala.

Bill No-4342-64,000/-, Bill No-4343-64,000/-)

കൂടാതെ ഗ്രൂപ്പുകളുടെ ബാങ്ക് പാസ് ബുക്ക്, ക്യാഷ് ബുക്ക് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനും ഗ്രൂപ്പുകളുടെ നിലവിലെ ആസ്തിയുടെ വിവരവും അറിയിക്കുന്നതിനും നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.7/16.04.22) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിരിക്കുന്നത് പരാമർശിച്ചിട്ടുള്ള രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കാമെന്നാണ്. ഗ്രൂപ്പുകൾക്ക് സബ്സിഡിയായി സാമ്പത്തിക സഹായം നൽകുമ്പോൾ ലഭിക്കുന്ന വിറ്റുവരവ് ഗ്രൂപ്പിന്റെ തുടർപ്രവർത്തനത്തിന് ഉപയോഗിക്കേണ്ടതാണ്. ആനുകൂല്യം നൽകിയിട്ടുള്ള കയർ പിരി യൂണിറ്റുകളെ ഗ്രാമസഭയിൽ അംഗീകരിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-17 എസ്.ടി.വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-അർഹതാരേഖ ഹാജരാക്കിയില്ല

പ്രോജക്ട് നം. 116/20 – എസ്.ടി.വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

നിർവ്വഹണം- സെക്രട്ടറി

അടങ്കൽ - 150000 (വികസനഫണ്ട് ടി.എസ്.പി.)

ചെലവ് -150000/-

പ്രസ്തുത പ്രോജക്ട് പ്രകാരം 7 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | നൽകിയ തുക/ബിൽ നം./തീയതി | റിമാർക്സ് |
|---|---|---|---|
| 1 | സുനിമോൾ എസ് | 20000/-ബിൽ നം.25/24.10.2019 | ഗുണഭോക്താവ് വസിക്കുന്ന ഗ്രാമപഞ്ചായത്തിൽ നിന്നും വിദ്യാഭ്യാസ സ്കോളർഷിപ്പിനുള്ള ആനുകൂല്യം സ്വീകരിച്ചിട്ടില്ല എന്ന് തെളിയിക്കുന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ |
| 2 | ജയന്തി കുഞ്ഞുമോൻ | 20000/- ബിൽ നം.29/16.11.2019 | |
| 3 | സന്ധ്യമനോജ് | 20000/- ബിൽ നം.33/21.12.2019 | |
| 4 | വൃന്ദ | 20000/-ബിൽ നം.36/16.01.2020 | |
| 5 | ഹരിത | 20000/- | |

| | | | |
|---|---|---|---|
| | | ബിൽനം.36/16.01.2020 | സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടില്ല. |
| 6 | ശിവരഞ്ജിനി | 20000/-ബിൽ നം.54/13.03.2020 | |
| | ആകെ | 120000 | |

രേഖ ഹാജരാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.04/12.04.2022) മറുപടി ലഭിച്ചില്ല. ഗുണഭോക്താവ് വസിക്കുന്ന ഗ്രാമപഞ്ചായത്തിൽ നിന്നും വിദ്യാഭ്യാസ സ്കോളർഷിപ്പിനുള്ള ആനുകൂല്യം സ്വീകരിച്ചിട്ടില്ല എന്ന് തെളിയിക്കുന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടില്ലാത്തതിനാൽ ആനുകൂല്യ വിതരണത്തിൽ ഇരട്ടിപ്പ് ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കാനായില്ല. അതിനാൽ രേഖ ഹാജരാക്കുന്നതുവരെ 120000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേയ്ക്ക് ആനുകൂല്യം ക്രഡിറ്റ് ചെയ്യപ്പെട്ടില്ല

അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ 2019-20 ൽ നടപ്പിലാക്കിയ നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി, പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി എന്നീ പ്രോജക്ടുകൾ പ്രകാരം സബ്സിഡിയിനത്തിൽ ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേയ്ക്ക് ആനുകൂല്യം നല്കുന്നതിനായി ട്രഷറിയിൽ ബിൽ നല്കിയിരുന്നു. എന്നാൽ ട്രഷറിയിൽ നിന്നുള്ള യുണീക് ട്രാൻസാക്ഷൻ റഫറൻസ് (യു.റ്റി.ആർ) നമ്പർ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ പേരിലുള്ള അക്കൌണ്ടുകളിലേയ്ക്ക് തുക ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടില്ലായെന്ന് കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

(എ) പ്രോജക്ട് നം.S0009/20, നെൽകൃഷിവികസനം

അടങ്കൽ-വികസന ഫണ്ട്- 750000/-, ചെലവ്- 749994/-

1.ബിൽ നം.1/26.10.2019-226406/-

2. ബിൽ നം. 2 /23.01.2020-377740/-

3.ബിൽ നം. 3/13.03.2020-97172/--

4.ബിൽ നം. 4/13.02.2020- 31076/-

5. ബിൽ നം.6/27.03.2020- 17600/-

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ബിൽ റഫറൻസ് നമ്പർ | തുക |
|---|---|---|---|
| 1 | നസറുദ്ദീൻ പി.പി | 19060163015700972995 | 7888 |
| 2 | ശ്രീരാജ് എസ് | 19060163015700972995 | 12512 |
| 3 | സമ്പൽ സമൃദ്ധി ജെ.എൽ.ജി. | 1906016301570109973 | 9792 |
| | ആകെ | | 30192 |

(ബി) പ്രോജക്ട് നം.127/20 പച്ചക്കറി കൃഷി വികസനം

അടങ്കൽ - വികസന ഫണ്ട്- 370000/-, ചെലവ്-75820/-

1.ബിൽ നം.7/27.03.2020-32300/-

2. ബിൽ നം. 8/27.03.2020-43520/-

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ബിൽ റഫറൻസ് നമ്പർ | തുക |
|---|---|---|---|
| 1 | ശ്രീഭദ്രാ കർഷക സംഘം | 19060163015701611680 | 3400 |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9/16.4.22) മറുപടി ലഭ്യമാക്കിയില്ല. സബ്സിഡി തുക ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ലഭിക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 കാലിവീപ്പയുടെ വില ഈടാക്കിയതിൽ കുറവ്

ആര്യാട് ബ്ലോക്ക് പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്തു പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വില ഈടാക്കിയിട്ടുണ്ടെങ്കിലും 250/-രൂപ നിരക്കിൽ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. 18% ജി.എസ്.ടി ഉൾപ്പെടെ 281/-രൂപ നിരക്കിൽ ഈടാക്കാതിരുന്നത് മൂലം നഷ്ടം സംഭവിച്ചിട്ടുള്ളതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട്/പേര് | കരാറുകാരന്റെ പേര് | ഫണ്ടിനം | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 250/-രൂപ നിരക്കിൽ ഈടാക്കിയ തുക | ജി.എസ്.ടി ഈടാക്കിയതിൽ കുറവ് | ബിൽ നമ്പർ തീയതി |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | വന്നത് | |
| 1 | 103/20 എ.എസ്. കനാൽ ഐ.ടി.സി റോഡ് മെറ്റലിംഗ് ടാറിംഗ് | കെ.കെ.ശശി | വികസന ഫണ്ട് എസ്.സി.പി | 15 ബാരൽ | 3750/- | 645 | 12/8.9.19 401804/- 16/6.11.19, 271302 |
| 2 | 66/20 ശാസ്താങ്കൽ റോഡ് മെറ്റലിംഗ്& ടാറിംഗ് | ബൈജു കെ.കെ | വികസന ഫണ്ട് ജനറൽ | 9 ബാരൽ | 00 | 387 | 8/ 8.5.19 480000/- 10/8.5.19, 165670 |
| 3 | 68/20 ഗുരുമന്ദിരം ചേലക്കാട് റോഡ് മെറ്റലിംഗ്& ടാറിംഗ് | മിനിശശിധരകുറുപ്പ് | വികസന ഫണ്ട് ജനറൽ | 9ബാരൽ | 2250 | 387 | 4/8.5.19 480000/- |
| 4 | 67/20 എ.എൻ കോളനി എ.എസ് കനാൽ റോഡ് മെറ്റലിംഗ്& ടാറിംഗ് | ക്ലീറ്റസ് സെബാസ്റ്റ്യൻ | വികസന ഫണ്ട് ജനറൽ | 9ബാരൽ | 2250 | 387 | 3/8.5.19 480000/- |
| 5 | 70/20 ശ്രീകല തിയറ്റർ മാസ്റ്റേഴ്സ് കോളേജ് റോഡ് മെറ്റലിംഗ്& ടാറിംഗ് | അനസ് നൈന | വികസന ഫണ്ട് ജനറൽ | 4ബാരൽ | 1000 | 172 | 1/8.5.19 480000/- |
| 6 | 69/20 സർവ്വീസ് സഹകരണ ബാങ്ക് ഒരുമ ജംഗ്ഷൻ റോഡ് മെറ്റലിംഗ്& ടാറിംഗ് | അനസ് നൈന | വികസന ഫണ്ട് ജനറൽ | 15ബാരൽ | 3750 | 645 | 2/8.5.19 480000/- |
| ആകെ | | | | | | 2623 | |

മേൽ സൂചിപ്പിച്ചവിധം ഈടാക്കിയ തുക സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നു. കൂടാതെ ക്രമ നമ്പർ 2 പ്രകാരമുള്ള പ്രവൃത്തിയിൽ കാലി വീപ്പയുടെ വിലയും ജി.എസ്.ടിയും ഈടാക്കിയില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/16.4.22) ലഭ്യമാക്കിയ മറുപടിയിൽ ക്രമ നമ്പർ 2 പ്രകാരമുള്ള പ്രവൃത്തിയിൽ കാലി വീപ്പയുടെ വിലയും ജി.എസ്.ടിയും ഈടാക്കി ഒടുക്ക് വരുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള വിധം ജി.എസ്.ടിയിനത്തിൽ നഷ്ടം സംഭവിച്ച 2623/-രൂപ ബന്ധപ്പെട്ടവരിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് തിരികെ ഒടുക്കേണ്ടതാണ്. കൂടാതെ ബാരൽ വിലയിനത്തിൽ ഈടാക്കിയതിൽ കുറവ് വന്ന തുക കണക്കാക്കി ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി അതത് ഫണ്ടുകളിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

## 1-20 എർത്ത് വർക്ക് എക്സ്കവേഷന് അധിക നിരക്ക് നൽകി

ആര്യാട് ബ്ലോക്ക് പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ താഴെപ്പറയുന്ന റോഡ് നിർമ്മാണ പ്രവൃത്തികളുമായി ബന്ധപ്പെട്ട കാന നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് അനുവദിച്ചിരിക്കുന്ന നിരക്ക് 553.17/$m^3$ (സ്പെസിഫിക്കേഷൻ കോഡ്-11.1.1.1 എർത്ത് വർക്ക് എക്സ്കവേഷൻ ഫോർ സ്ട്രക്ച്ചേഴ്സ്) ആണ്. ഇത് പാലം, കൾവർട്ട് എന്നിവയുടെ നിർമ്മാണത്തിന് 3 മീറ്റർ വരെ ആഴത്തിൽ എർത്ത് വർക്ക് എക്സ്കവേഷന് നൽകുന്ന നിരക്കാണ്. കാന നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് അനുവദനീയമായ നിരക്ക് 259.29/$m^3$ (MoRDസ്പെസിഫിക്കേഷൻ കോഡ്-3.5.1 അല്ലെങ്കിൽ CPWD സ്പെസിഫിക്കേഷൻ കോഡ്- 2.8.1) ആണ്. ഉയർന്ന നിരക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് കരാറുകാർ ഉയർന്ന നിരക്ക് ക്വോട്ട് ചെയ്യാനും അതു വഴി അധികം നൽകാനുമിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/ | കരാറുകാരൻ | അനുദിച്ച തുക/അളവു പുസ്തകം | അനുവദനീയമായ തുക | അധികം നൽകിയ തുക | ചെലവു വിവരം |
|---|---|---|---|---|---|---|
| 1 | 93/20, വാളശ്ശേരി കുറ്റിപ്പുറം റോഡ് കാന നിർമ്മാണം | ബിനീഷ് കുമാർ. വി | 35.65$m^3$ @553/$m^3$ =19714 4/19-20 | 35.65$m^3$ @259.29 =9244 | 10470/- | ബിൽ നം. 15/6.11.19, 272337/ 18/29.12.20, 207663 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (12/16.4.22) ലഭ്യമാക്കിയ മറുപടിയിൽ 21.6.2019 ൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ ലഭ്യമാക്കിയ 1446/2019 നമ്പർ നിർദ്ദേശ പ്രകാരമാണ് മേൽ പരാമർശിച്ചിട്ടുള്ള സ്പെസിഫിക്കേഷനനുസരിച്ചുള്ള ഉയർന്ന നിരക്ക് അനുവദിച്ചിട്ടുള്ളതെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ മറ്റ് പല കാന നിർമ്മാണ പ്രവൃത്തികളിലും MoRD സ്പെസിഫിക്കേഷൻ കോഡ്-3.5.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. (ഉദാഹരണം-1.പ്രോജക്ട് 104/21, ഗ്രാമീണ വായനശാല വീ-വൺ ഹോസ്പിറ്റൽ തോട് പാർശ്വഭിത്തി കെട്ടി സംരക്ഷണം, 2. 102/21, ഇലവൺ സ്റ്റാർ കണിയാംതോട് കാന നിർമ്മാണം. 3. 101/21, കുന്നപ്പള്ളി-ഉമ്പ് കാന നിർമ്മാണം). എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിർദ്ദേശത്തിലെ അപാകത ശ്രദ്ധയിൽപ്പെടുത്തേണ്ടതും അധിക ചെലവിനിടയാകാതിരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 കാലിവീപ്പയുടെ ജി.എസ്.ടി കുറവ് ചെയ്ത് ട്രഷറിയിൽ നിന്നും തുക പിൻവലിച്ചതിനാൽ നഷ്ടം

ആര്യാട് ബ്ലോക്ക് പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യനിർണ്ണയം നടത്തിയിട്ടുള്ളത്. കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വിലയും 18% ജി.എസ്.ടിയും കുറവ് ചെയ്ത് ട്രഷറിയിൽ നിന്നും തുക പിൻവലിച്ചതിനാൽ ജി.എസ്.ടിയിനത്തിൽ കേന്ദ്ര/സംസ്ഥാന സർക്കാരുകൾക്ക് ലഭിക്കേണ്ട തുക നഷ്ടം സംഭവിച്ചിട്ടുള്ളതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട്/പേര് | കരാറുകാരന്റെ പേര് | ഫണ്ടിനം | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 250/-രൂപ നിരക്കിൽ ഈടാക്കിയ തുക | 18% നിരക്കിൽ ബില്ലിൽ കുറവ് ചെയ്ത ജി.എസ്.ടി | ബിൽ നമ്പർ തീയതി |
|---|---|---|---|---|---|---|---|
| 1 | 108/20 വലിയവീട് ആപ്പൂര് റോഡ് ടാറിംഗ് | ഷാഹുൽ ഹമീദ്. കെ.എ | വികസന ഫണ്ട് ജനറൽ | 10 ബാരൽ | 2500/- | 450 | 13/6.11.19 480000/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/16.4.22) മറുപടി ലഭ്യമാക്കിയില്ല. ജി.എസ്.ടിയിനത്തിൽ ഒടുക്ക് വരുത്തേണ്ട തുക ബില്ലിൽ കുറവ് ചെയ്ത് ട്രഷറിയിൽ നിന്നും പിൻവലിച്ചതിനാൽ വികസന ഫണ്ട് ജനറലിൽ നീക്കിയിരിപ്പായി അവശേഷിക്കുകയും വർഷാവസാനം ലാപ്സാവുകയും ചെയ്തുമൂലം പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള വിധം നഷ്ടം സംഭവിച്ച 450/-രൂപ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പരസ്യ ചാർജ് ഇനത്തിൽ അർഹമായ ഡിസ്ക്കൌണ്ട് ലഭ്യമാക്കിയില്ല

പരസ്യ നിരക്കും മീഡിയ ലിസ്റ്റും അംഗീകരിച്ചു കൊണ്ടുള്ള 08.12.2015-ലെ ജി.ഒ (പി) നം.17/2015/പി.ആർ.ഡി നമ്പർ സർക്കാർ ഉത്തരവിലെ 4-ാം ഖണ്ഡികയിൽ സർക്കാർ പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടിന് അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ 10.12.2020-ലെ ജി.ഒ.(പി) നം.02/2020 നമ്പർ ഉത്തരവിലെ 51-ാം ഖണ്ഡിക പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികൾ നല്കുന്ന പത്ര പരസ്യങ്ങൾക്ക് പരസ്യ ചാർജിനത്തിൽ 15% ഡിസ്കൗണ്ട് അനുവദിക്കണമെന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ 2019-20 സാമ്പത്തിക വർഷത്തെ വൌച്ചർ പരിശോധിച്ചതിൽ അർഹമായ ഡിസ്ക്കൌണ്ട് ഈടാക്കിയതായി കാണുന്നില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പത്രം | ബിൽ നം. | തീയതി | റേറ്റ് | ബിൽ തുക | അർഹമായ ഡിസ്ക്കൌണ്ട് |
|---|---|---|---|---|---|---|
| 1 | കേരള കൌമുദി | BLALP00060125 | 27/09/17 | 170 | 4080 | 612 |
| 2 | | BLALP00060280 | 14/10/17 | 170 | 4080 | 612 |
| 3 | | BLALP00061186 | 09/02/18 | 170 | 4080 | 612 |
| 4 | | BLALP00061762 | 15/04/18 | 170 | 4080 | 612 |
| 5 | | BLALP00062313 | 14/06/18 | 183 | 4392 | 659 |
| 6 | | BLALP00062371 | 23/06/18 | 183 | 4392 | 659 |
| 7 | | BLALP00062527 | 08/07/18 | 182 | 4368 | 655 |
| 8 | | BLALP00062851 | 08/08/18 | 182 | 4368 | 655 |
| 9 | | BLALP00063715 | 30/11/18 | 182 | 4368 | 655 |
| 10 | | ALPSCH065626 | 18/06/19 | 225 | 5400 | 810 |
| 11 | | BLALP00066030 | 28/07/19 | 191 | 4584 | 688 |
| 12 | | BLALP00066996 | 31/10/19 | 191 | 4584 | 688 |
| 13 | | BLALP00067255 | 25/11/19 | 191 | 4584 | 688 |
| | | | | | ആകെ | 8605 |

8605/- രൂപ ഡിസ്ക്കൌണ്ട് പ്രസ്തുത ബില്ലുകൾക്കും ലഭിക്കേണ്ടതായിരുന്നു. എന്നാൽ ഡിസ്കൗണ്ട് ഇല്ലാതെയാണ് പത്രപ്പരസ്യചാർജ്ജ് ഡിമാന്റ് ചെയ്തതും, ബ്ലോക്ക് പഞ്ചായത്ത് മേൽ ബില്ലുകൾ പ്രകാരം മുഴുവൻ തുകയും അനുവദിച്ചു നൽകുകയും ചെയ്തത്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (നം. 06/16.04.2022). സ്ഥാപനത്തിൽ നിന്ന് ഡിസ്കൗണ്ട് ലഭ്യമാക്കാത്തതു മൂലം ഉണ്ടായ നഷ്ടം 8605/- രൂപ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 3-2 കാലിവീപ്പയുടെ വില ഈടാക്കിയതിൽ കുറവ്

ആര്യാട് ബ്ലോക്ക് പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്തു പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം

നടത്തിയിട്ടുള്ളത്. കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വില ഈടാക്കിയിട്ടുണ്ടെങ്കിലും 250/-രൂപ നിരക്കിൽ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. 18% ജി.എസ്.ടി ഉൾപ്പെടെ 281/-രൂപ നിരക്കിൽ ഈടാക്കാതിരുന്നത് മൂലം നഷ്ടം സംഭവിച്ചിട്ടുള്ളതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട്/പേര് | കരാറുകാരന്റെ പേര് | ഫണ്ടിനം | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 250രൂപ നിരക്കിൽ ഈടാക്കിയ തുക | ജി.എസ്.ടി ഈടാക്കിയതിൽ കുറവ് വന്നത് | ബിൽ നമ്പർ തീയതി |
|---|---|---|---|---|---|---|---|
| 1 | 103/20 എ.എസ്. കനാൽ ഐ.ടി.സി റോഡ് മെറ്റലിംഗ് ടാറിംഗ് | കെ.കെ.ശശി | വികസന ഫണ്ട് എസ്.സി.പി | 15 ബാരൽ | 3750/- | 645 | 12/8.9.19 401804/- 16/6.11.19, 271302 |
| 2 | 66/20 ശാസ്താങ്കൽ റോഡ് മെറ്റലിംഗ്& ടാറിംഗ് | ബൈജു കെ.കെ | വികസന ഫണ്ട് ജനറൽ | 9 ബാരൽ | 00 | 387 | 8/ 8.5.19 480000/- 10/8.5.19, 165670 |
| 3 | 68/20 ഗുരുമന്ദിരം ചേലക്കാട് റോഡ് മെറ്റലിംഗ്& ടാറിംഗ് | മിനിശശിധരകുറുപ്പ് | വികസന ഫണ്ട് ജനറൽ | 9ബാരൽ | 2250 | 387 | 4/8.5.19 480000/- |
| 4 | 67/20 എ.എൻ കോളനി എ.എസ് കനാൽ റോഡ് മെറ്റലിംഗ്& ടാറിംഗ് | ക്ലീറ്റസ് സെബാസ്റ്റ്യൻ | വികസന ഫണ്ട് ജനറൽ | 9ബാരൽ | 2250 | 387 | 3/8.5.19 480000/- |
| 5 | 70/20 ശ്രീകല തിയറ്റർ മാസ്റ്റേഴ്സ് കോളേജ് റോഡ് മെറ്റലിംഗ്& ടാറിംഗ് | അനസ് നൈന | വികസന ഫണ്ട് ജനറൽ | 4ബാരൽ | 1000 | 172 | 1/8.5.19 480000/- |
| 6 | 69/20 സർവ്വീസ് സഹകരണ ബാങ്ക് ഒരുമ ജംഗ്ഷൻ റോഡ് മെറ്റലിംഗ്& ടാറിംഗ് | അനസ് നൈന | വികസന ഫണ്ട് ജനറൽ | 15ബാരൽ | 3750 | 645 | 2/8.5.19 480000/- |
| ആകെ | | | | | | 2623 | |

മേൽ സൂചിപ്പിച്ച വിധം ഈടാക്കിയ തുക സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നു. കൂടാതെ ക്രമ നമ്പർ 2 പ്രകാരമുള്ള പ്രവൃത്തിയിൽ കാലി വീപ്പയുടെ വിലയും ജി.എസ്.ടിയും ഈടാക്കിയില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/16.4.22) ലഭ്യമാക്കിയ മറുപടിയിൽ ക്രമ നമ്പർ 2

പ്രകാരമുള്ള പ്രവൃത്തിയിൽ കാലി വീപ്പയുടെ വിലയും ജി.എസ്.ടിയും ഈടാക്കി ഒടുക്ക് വരുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള വിധം ജി.എസ്.ടിയിനത്തിൽ നഷ്ടം സംഭവിച്ച 2623/-രൂപ ബന്ധപ്പെട്ടവരിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് തിരികെ ഒടുക്കേണ്ടതാണ്. കൂടാതെ ബാരൽ വിലയിനത്തിൽ ഈടാക്കിയതിൽ കുറവ് വന്ന തുക കണക്കാക്കി ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി അതത് ഫണ്ടുകളിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

## 3-3 കാലിവീപ്പയുടെ ജി.എസ്.ടി കുറവ് ചെയ്ത് ട്രഷറിയിൽ നിന്നും തുക പിൻവലിച്ചതിനാൽ നഷ്ടം

ആര്യാട് ബ്ലോക്ക് പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യനിർണ്ണയം നടത്തിയിട്ടുള്ളത്. കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വിലയും 18% ജി.എസ്.ടിയും കുറവ് ചെയ്ത് ട്രഷറിയിൽ നിന്നും തുക പിൻവലിച്ചതിനാൽ ജി.എസ്.ടിയിനത്തിൽ കേന്ദ്ര/സംസ്ഥാന സർക്കാരുകൾക്ക് ലഭിക്കേണ്ട തുക നഷ്ടം സംഭവിച്ചിട്ടുള്ളതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട്/പേര് | കരാറുകാരന്റെ പേര് | ഫണ്ടിനം | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 250/-രൂപ നിരക്കിൽ ഈടാക്കിയ തുക | 18% നിരക്കിൽ ബില്ലിൽ കുറവ് ചെയ്ത ജി.എസ്.ടി | ബിൽ നമ്പർ തീയതി |
|---|---|---|---|---|---|---|---|
| 1 | 108/20 വലിയവീട് ആപ്പൂര് റോഡ് ടാറിംഗ് | ഷാഹുൽ ഹമീദ്.കെ.എ | വികസന ഫണ്ട് ജനറൽ | 10 ബാരൽ | 2500/- | 450 | 13/6.11.19 480000/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് (11/16.4.22) മറുപടി ലഭ്യമാക്കിയില്ല. ജി.എസ്.ടിയിനത്തിൽ ഒടുക്ക് വരുത്തേണ്ട തുക ബില്ലിൽ കുറവ് ചെയ്ത് ട്രഷറിയിൽ നിന്നും പിൻവലിച്ചതിനാൽ വികസന ഫണ്ട് ജനറലിൽ നീക്കിയിരിപ്പായി അവശേഷിക്കുകയും വർഷാവസാനം ലാപ്സാവുകയും ചെയ്തതുമൂലം പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള വിധം നഷ്ടം സംഭവിച്ച 450/-രൂപ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക: മുന്നിരിപ്പ് ഉൾപ്പെടെ | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 453980 | വയോജന സൗഹൃദക്കൂട്ടം | 453980 | 0 |
| | | 751070 | ആർദ്രമീ ആര്യാട് ജീവിതശൈലീ രോഗപ്രതിരോധപരിപാടി | 751070 | 0 |
| ആകെ | | 1205050 | | 1205050 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ | പ്രവൃത്തിയുടെ പേര് | വൗച്ചർ | മുൻകൂർ | ചെലവഴിച്ച | ചെലവഴിക്കാൻ |
|---|---|---|---|---|---|

| ഏജൻസി | | നമ്പർ/ ചെക്ക് നം. | നൽകിയ തുക | തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | ഇലക്ട്രിക്ക് ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.യിൽ തുക അടയ്ക്കൽ പ്രോജക്ട് നം.131/20 | (1)ബിൽ നം .56 / 24.03.2020 തുക - 43339/- (2))ബിൽ നം. 57 / 24.03.2020 തുക - 23923/- | 67262 | 67262 | ഇല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്.ഭവന പദ്ധതി | സ.ഉ.(സാധാ) 1161/2010/ത.സ്വ.ഭ.വ തീയതി. 30.03.2010 | 12245063 | 226383 | 226383 | | 0 |

.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

സ്ഥാപനത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | 2004-05 | 2.3 | തൊഴിൽ സംരംഭങ്ങൾ അടച്ചുപൂട്ടി പദ്ധതി വിഹിതം നഷ്ടം-കയർ കോമൺ ഫെസിലിറ്റി സെന്റർ | വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനപ്രകാരം അസാപ്പിന്റെ കമ്മ്യൂണിറ്റി സ്കിൽ |

| | | | | | |
|---|---|---|---|---|---|
| | | | | | പാർക്ക് സ്ഥാപിക്കുന്നതിനായി ടി കെട്ടിടം ലേലം ചെയ്ത് പൊളിച്ച് നീക്കി ടി സ്ഥലത്ത് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് കെട്ടിടം നിർമ്മിച്ചിട്ടുള്ളതുമാണ്. |
| 2005-06 | 3.7 | 2008-09 | 3.5.10(a) | കുടുംബശ്രീ- വനിത എസ്.എച്ച്.ജി.കൾക്ക് തൊഴിൽ സംരംഭം തുടങ്ങുന്നതിനുള്ള ധനസഹായം | പ്രസ്തുത ഗ്രൂപ്പുകളിൽ പ്രവർത്തിച്ചിരുന്ന അംഗങ്ങൾ ഉപജീവനാർത്ഥം നിലവിൽ തൊഴിലുറപ്പ്/ മറ്റ് തൊഴിൽ സംരംഭങ്ങളിൽ ജോലി ചെയ്ത് വരുന്നു. |
| 2005-06 | 3.6 | 2008-09 | 3.5.10(b) | എസ്.സി.സ്വയംസഹായ സംഘത്തിന് റിവോൾവിംഗ് ഫണ്ട് | പ്രസ്തുത ഗ്രൂപ്പുകളിൽ പ്രവർത്തിച്ചിരുന്ന അംഗങ്ങൾ ഉപജീവനാർത്ഥം നിലവിൽ തൊഴിലുറപ്പ്/ മറ്റ് തൊഴിൽ സംരംഭങ്ങളിൽ ജോലി ചെയ്ത് വരുന്നു. |

## 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 49104487 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 51800004 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 8605 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 162994 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 8605 | ആർ.രജിത്ത്,ബി.ഡി.ഒ. |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 42994 | ആർ.രജിത്ത്, ബി.ഡി.ഒ. |
| 1-17 | 120000 | ആർ.രജിത്ത്, ബി.ഡി.ഒ. |
| ആകെ | 162994 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക |
|---|---|
| 1-19 | 2623 |
| 1-21 | 450 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ആർ.രജിത്ത്,ബി.ഡി.ഒ. | ബി.ഡി.ഒ. ആര്യാട് ബ്ലോക്ക് പഞ്ചായത്ത് | മുണ്ടകൻചിറ, തൃക്കുന്നപ്പുഴ, ആലപ്പുഴ |
| സിനി. എസ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പട്ടണക്കാട് സെക്ഷൻ | തെക്കേതണലിൽ,നെടുമ്പ്രക്കാട് ഫെറി, ചേർത്തല |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ജിഎ5/ബി.പി.അദാലത്ത് 26(86)/14, തീയതി 31.03.2014 |
| 1998-99 | എൽ.എഫ്.ജി.എ5-ബി.പി.അദാലത്ത് 26(87)/14 തീയതി 31.03.2014 |
| 1999-00 | എൽ.എഫ്.ജി.എ5-ബി.പി.അദാലത്ത് 26(88)/14 തീയതി. 31.03.14 |
| 2000-01 | എൽ.എഫ്.എ.ബി.പി./അദാലത്ത്26(89)/14 തീയതി. 31.03.14 |
| 2001-02 | എൽ.എഫ്.എ.ബി.പി./അദാലത്ത് 26(90)/14 തീയതി. 31.03.14 |
| 2002-03 | എൽ.എഫ്.എ.ബി.പി./അദാലത്ത് 26(91)/14 തീയതി. 31.03.14 |
| 2003-04 | എൽ.എഫ്.എ.ബി.പി./അദാലത്ത് 26(92)/14 തീയതി. 31.03.14 |
| 2004-05 | എൽ.എഫ്.എ.ബി.പി./അദാലത്ത് 26(93)/14 തീയതി. 31.03.14 |
| 2005-06 | എൽ.എഫ്.എ. ജി.എ.5-ബി.പി./അദാലത്ത്26(94)/14 തീയതി. 31.03.14 |
| 2006-07 | എൽ.എഫ്.എ. ജി.എ.5-ബി.പി./അദാലത്ത്26(95)/14 തീയതി. 31.03.14 |
| 2007-08 | എൽ.എഫ്.എ. ജി.എ.5-ബി.പി./അദാലത്ത്26(96)/14 |

| | |
|---|---|
| | തീയതി. 31.03.14 |
| 2008-09 | എൽ.എഫ്.എ. ജി.എ.5-ബി.പി./അദാലത്ത്26(97)/14 തീയതി. 31.03.14 |
| 2009-10 | എൽ.എഫ്.എ. ജി.എ.5-ബി.പി./അദാലത്ത്26(98)/14 തീയതി. 31.03.14 |
| 2010-11 & 2011-12 | എൽ.എഫ്.എ.ബി.പി 494/2013 തീയതി 23.10.13 |
| 2012-13 | എൽ.എഫ്.എ.ബി.പി.437/2015 തീയതി 10.06.15 |
| 2013-14 & 2014-15 | കെ.എസ്.എ/എ.എൽ.പി.ബി.പി/1571/2015 തീയതി 15.12.15 |
| 2015-16 | കെ.എസ്.എ/എ.എൽ.പി.ബി.പി/211/2017/തീയതി 13.03.17/22.03.17 |
| 2016-17 | കെ.എസ്.എ/എ.എൽ.പി.ബി.പി/1451/17 തീയതി 01.12.17 |
| 2017-18 | കെ.എസ്.എ/എ.എൽ.പി.ബി.പി/150/19 തീയതി 07.02.19 |
| 2018-19 | കെ.എസ്.എ/എ.എൽ.പി.ബി.പി/791/19/16.9.2019 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്